(സി) നിയമനത്തിലും ഈ അനുപാതം പാലിക്കുന്നത് സംബന്ധിച്ച് നിബന്ധന ഏർപ്പെടുത്തുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) പ്രത്യേക ക്വാട്ട നിലവിലില്ല.

(സി) ബാധകമല്ല.

കൊച്ചി മെഡിക്കൽ കോളേജിലെ സ്ഥിരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

109(4395) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽനിന്നും സർക്കാർ ഏറ്റെടുത്ത കൊച്ചി മെഡിക്കൽ കോളേജിലെ സ്ഥിരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ നാളിതുവരെയും തീരുമാനം ഉണ്ടാകാത്തത് എന്തുകൊണ്ടാണ്; വിശദാംശം നൽകുമോ;

(ബി) ജീവനക്കാർക്ക് ലഭിച്ചു കൊണ്ടിരുന്ന ക്ഷാമബത്ത ഇപ്പോൾ 20% കുടിശ്ശികയാകാനിടയായത് പരിശോധിക്കുമോ;

(സി) 2014 ഡിസംബർ 17-ന് ഒരു വർഷം തികയുന്ന മെഡിക്കൽ കോളേജിന്റെ കൈമാറ്റ നടപടി നടപ്പാക്കുന്നതിനും മറ്റു വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ അടിയന്തര നടപടി ആരംഭിക്കുമോ?

ഉത്തരം

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർണ്ണമാക്കുക, ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ യോഗ്യത പരിശോധിച്ച് സർക്കാർ സർവ്വീസിൽ സംയോജിപ്പിക്കുക, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുക, എം.സി.ഐ. മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായ എല്ലാ തസ്തികകളും സൃഷ്ടിക്കുക തുടങ്ങിയ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ജീവനക്കാരുടെ യോഗ്യത പരിശോധിച്ച് അവരെ സർക്കാർ സർവ്വീസിൽ സംയോജിപ്പിച്ച് ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനു ശേഷം ഭാവി വികസനത്തിന് ആവശ്യമായ തുക പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ വകയിരുത്തി സർക്കാർ മേഖലയിലുള്ള മറ്റ് മെഡിക്കൽ കോളേജുകൾക്ക് സമാനമായ വികസന പ്രവർത്തനങ്ങൾ ഇവിടെയും നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ

110 (4396) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടം വരെയായി; വിശദാംശം വ്യക്തമാക്കാമോ; നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; ഏറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ എറ്റെടുക്കുന്ന നടപടി പൂർത്തിയാകുമ്പോൾ ഈ കോളേജിലെ വിദ്യാർത്ഥികളുടെ (മാനേജ്മെന്റ് , NRI ക്വാട്ടകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ) ഫീസ്ഘടന ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ഫീസ് ആനുപാതികമായി കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

പരിയാരം ആയുർവ്വേദ കോളേജിലെ പ്രവൃത്തികൾ

111 (4397) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവ്വേദ കോളേജിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly